## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം

നം:2909

10/05/2017 -ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് നഷ്ട പരിഹാര പാക്കേജ് പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് (11 കുടുംബങ്ങൾക്ക് ) 5 ലക്ഷം രൂപ വീതവും, ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിഞ്ഞ 10 പേർക്ക് ഒരു ലക്ഷം രൂപ വീതവും ഉൾപ്പെടെ ആകെ 65,00,000/- (അറുപത്തഞ്ച് ലക്ഷം രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്ന് നൽകിയിട്ടുള്ളതാണ്. കൂടാതെ പരിക്കേറ്റവർക്ക് വിവിധ ആശുപത്രികളിൽ സൗജന്യ ചികിത്സയും നൽകിയിട്ടുള്ളതാണ്. |
| ബി) ഇത് സംബന്ധിച്ച് അന്വേഷിക്കാൻ നിയോഗിച്ച കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br><br>(സി) സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) & (സി) തിരക്കുള്ള വൈപ്പിൻ ഫോർട്ട് കൊച്ചി റൂട്ടിൽ ഒന്നിൽ കൂടുതൽ ബോട്ടുകൾ സർവ്വീസിന് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുവാനും അപകടസാദ്ധ്യത കൂടുതലുള്ള അഴിമുഖങ്ങളിൽ ഇരട്ട എഞ്ചിനോട്ടു കൂടിയ ബോട്ടുകൾ ഏർപ്പെടുത്തുന്ന കാര്യം അടിയന്തിരമായി നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഒരു എഞ്ചിനീയറെ ഉൾപ്പെടുത്തി തുറമുഖവകുപ്പിന്റെ നേതൃത്വത്തിൽ ജെട്ടി പരിഷ്കരണ കമ്മിറ്റി രൂപീകരിക്കാനും ബോട്ടുകളിലെ ജീവനക്കാർക്ക് യൂണിഫോം നടപ്പിലാക്കുവാനും തീരുമാനിച്ചു. ഫിഷിംഗ് ബോട്ടുകളുടെ ലൈസൻസ് പുതുക്കുന്നത് തുറമുഖ വകുപ്പ് നൽകുന്ന സർവ്വേ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാക്കാൻ |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചു. നിലവിലുള്ള ഫിഷിംഗ് ബോട്ടുകളിൽ അണിയത്തിന്റെ ഉയരക്കൂടുതൽ ഉള്ള സ്ഥലത്ത് സ്റ്റിയറിംഗ് റൂം സ്ഥാപിക്കുന്നതു മൂലം വിസിബിലിറ്റി കുറയുന്നതിനാൽ സ്റ്റിയറിംഗ് റൂം ഉയരക്കൂടുതൽ ഉള്ള സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുവാൻ തീരുമാനിച്ചു. ഫോർട്ട് കൊച്ചിക്കു സമീപം രൂപം കൊണ്ടിട്ടുള്ള മണൽ തിട്ട ടൂറിസ്റ്റ് ബോട്ടുകൾക്ക് സുരക്ഷാ ഭീഷണി ഉയർത്തുന്നതിനാൽ അവ ഡ്രഡ്ജ് ചെയ്ത് നീക്കം ചെയ്യുന്നതിനായി കൊച്ചിൻ ഫോർട്ട് ട്രസ്റ്റിനെ ചുമതലപ്പെടുത്തി. ഹൗസ് ബോട്ടുകളിൽ ജി.പി. എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജലവാഹനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് കൊടുക്കുന്നതിനു മുമ്പായി 4 ദിവസത്തെ ബോട്ട് ക്രൂ ട്രെയിനിംഗ് കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ വിജയകരമായി പൂർത്തിയാക്കിയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തു. കൂടാതെ ജലവാഹനങ്ങൾ മൂന്നു വർഷത്തിലൊരിക്കൽ ഡ്രൈഡോക്ക് ചെയ്യുന്നതിനായി ആലപ്പുഴയിൽ ഒരു ഡ്രൈഡോക്ക് സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗതിയിലാണ്. |
| (ഡി) | ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കണ്ടക്കടവ് 56-ാം നമ്പർ അംഗന വാടിയിൽ വർക്കറായി ജോലി ചെയ്തിരുന്നതും ബോട്ടപകടത്തിൽ മരണമടഞ്ഞതുമായ ആപത്ത്ശേരി വീട്ടിൽ സിന്ധു കുഞ്ഞുമോന്റെ ആശ്രിതർക്ക് ജോലി ലഭിക്കുന്ന തിനായി സാമൂഹ്യ നീതി വകുപ്പിന്റെ പരിഗണനയിലിരിക്കുന്ന ഫയലിൽ (1006607/എ/2017/ എസ്.ജെ) അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | സാമൂഹ്യനീതി വകുപ്പിലെ അംഗൻവാടി ജീവനക്കാരുടെ ആശ്രിത നിയമനത്തിനുള്ള സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം മരണമടഞ്ഞ സിന്ധുവിന്റെ മകൻ.ശ്രീ.സുജിത്തിന് ജോലി നൽകാൻ നിർവാഹമില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട് |

Sunitha. A.S

സെക്ഷൻ ഓഫീസർ